102661

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം-ജീവനക്കാര്യം-ഡോ.അംബിക.വി, അസിസ്റ്റന്റ് സർജൻ, വിളക്കുടി ഫാമിലി ഹെൽത്ത് സെന്റർ കൊല്ലം -കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ പൾമണറി മെഡിസിൻ വിഭാഗം സീനിയർ റസിഡന്റായി അന്യത്രകാല സേവനവ്യവസ്ഥയിൽ നിയമനം നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

**സ.ഉ.(സാധാ)നം. 3679 /2018/ആ.കു.വ. തീയതി,തിരുവനന്തപുരം,15.12.2018**

---

പരാമർശം:- 1.സ.ഉ. (പി) നം.45/2013/ധന തീയതി 22.01.2013

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ-05.12.2018 ലെ ഇ.എ 6/99487/18 ആ.വ .ഡ നമ്പർ കത്ത്

3.മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 06.12.2018-ലെ എൻ.സി 2/27375/2018/ഡി.എം.ഇ . നമ്പർ കത്ത്.

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പരാമർശം(3)ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കൊല്ലം, വിളക്കുടി ഫാമിലി ഹെൽത്ത് സെന്ററിലെ അസിസ്റ്റന്റ് സർജനായ ഡോ.അംബിക.വി-യെ, കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ പൾമണറി മെഡിസിൻ വിഭാഗം സീനിയർ റസിഡന്റായി, നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്കും കെ.എസ്.ആർ ഭാഗം 1 ചട്ടം 140(c)-ലെ നിബന്ധനകൾക്കും വിധേയമായി മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് അന്യത്രകാല സേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2.)അന്യത്ര സേവന കാലയളവിൽ തുടരുമ്പോൾ ഡോ.അംബിക.വി-യ്ക്ക് മാതൃ വകുപ്പിലെ ശമ്പളത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. അനുമതിയില്ലാതെ അന്യത്ര സേവനവ്യവസ്ഥയിൽ തുടരുന്നത് കെ,എസ്സ്.ആർ ഭാഗം 1 ചട്ടം 140(C) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും,ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവെയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല-പ്രാബല്യത്തോടെ ക്രമീകരിച്ച് നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ നിലവിലെ അന്യത്ര സേവന കാലയളവ് അവസാനിച്ച് കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് ഉത്തരവാകാത്ത പക്ഷം-

-അനുവദിച്ച അന്യത്ര സേവനകാലം അവസാനിക്കുന്ന മുറയ്ക്ക് ഡോ.അംബിക.വി-യെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് തിരിച്ചയയ്ക്കേണ്ടതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് സി.ഡി
അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
ഡോ.അംബിക.വി ,അസിസ്റ്റന്റ് സർജൻ, വിളക്കുടി ഫാമിലി ഹെൽത്ത് സെന്റർ,കൊല്ലം
പ്രിൻസിപ്പാൾ, ഗവ. മെഡിക്കൽ കോളേജ്, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള , തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt. No. EA6-99487/18/DHS 17.12.18

Copy communicated to DMOH Kollam for necessary.

for DHS.

17/12/18